# ഭാവിയുടെ പുഞ്ചിരി

(കവിതാസമാഹാരം)



സിദ്ദീഖ് അമീർ അലി



SIDDEEQUE AMIR ALI

## The Smile of the Future - An anthology

This collection of poems written by Late Siddeeque Amir Ali Sahib, the first Amir of Kerala Ahmadiyya Muslim Jamaat, was published earlier under the same title by the Mogral Ahmadiyya Muslim Jamaat. The present edition includes some more poems by the author.

Marhoom Siddeeque Amir Ali Sahib commands the unique respect and love of the Ahmadies of Kerala for his exemplary life of dedication and sacrifice to the cause of Truth. His poetic talents were also dedicated to the same task, creating a simple and lucid style of expression that made his poems popular on the lips of the younger as well as the elder generations of the Community.

The present anthology is brought out in connection with the 2003 Ijthima of the Majlis Ansarullah, Kerala, with the fervent hope and prayers that it may shed spiritual light on the seekers of Truth.

*Publishers.*

# ഭാവിയുടെ പുഞ്ചിരി

(കവിതാസമാഹാരം)

സിദ്ദീഖ് അമീർ അലി

പ്രസാധനം
മജ്‌ലിസ് അൻസാറുല്ലാഹ്, സംസ്ഥാന സമിതി

Malayalam

**BHAVIYUDE PUNCHIRI**
Kavitha Samaharam

*By :*
**Siddeeque Amir Ali**

*Published by:*
Majlis Ansarullah State Committee
For Kannur Town Majlis Ansarullah,
Ahmadiyya Muslim Jamath, Kannur Town-1

*Printed at*
BRB Offset Printers & Publishers, Kannur-17
Phone: 0497 2701010, 2701020

*Distribution*
i) Majlis Ansarullah State Committee
ii) Majlis Ansarullah Kannur Town Jamath

Price : Rs. 10.00

**ആദ്യപ്രസിദ്ധീകരണവേളയിൽ**
**ജനാബ് മർഹൂം സിദ്ദീഖ് അമീർ അലി സാഹിബ്**
**എഴുതിയ കുറിപ്പ്:-**

# രണ്ടു വാക്ക്

**മോ**ഗ്രാൽ അഹ്മദിയ്യാജമാഅത്തിലെ ചില സുഹൃത്തുക്കൾ ഞാൻ എഴുതിയ ചില ഗാനങ്ങൾ ഒന്നിച്ചുചേർത്ത് പ്രസിദ്ധം ചെയ്യാൻ ഉദ്ദേശിക്കുന്നുവെന്ന് പറഞ്ഞു. ഞാനതിന് സമ്മതിച്ചു. കവിതയുടെ വീക്ഷണത്തിൽകൂടി നോക്കുമ്പോൾ എന്റെ കൃതികളിൽ പല കുറ്റങ്ങളും കുറവുകളും കാണുമെന്നത് തീർച്ചയാണ്. അക്കാരണത്താൽ അത് പ്രസിദ്ധം ചെയ്യുന്നതിൽ എനിക്ക് ഒരു വല്ലായ്മ തോന്നിയിരുന്നു. എന്നാൽ ഹസ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ഒരു കവിതയിൽ പറഞ്ഞ കാര്യമാണ് എനിക്ക് പ്രചോദനം നല്കിയത്. ആ കവിതയുടെ പൊരുൾ ഇപ്രകാരമാണ്: കവിതയോ കവിതാരചനയോ എന്റെ ലക്ഷ്യമല്ല. അതിൽ എനിക്ക് താല്പര്യവുമില്ല. ഈ വിധത്തിലുള്ള വിവരണരീതി മുഖേനയെങ്കിലും വല്ലവർക്കും സത്യം ഗ്രഹിക്കാൻ ഇടവന്നാൽ അതൊരു നേട്ടമാകുമല്ലോ. അത് മാത്രമാണ് എന്റെ ലക്ഷ്യം.

ഈ കാലഘട്ടത്തിലെ അതിപ്രധാനവും അതിമഹത്തവുമായ ഒരു സത്യസന്ദേശമാണ് അഹ്മദിയ്യത്തിന്റെ സന്ദേശം. ആ സന്ദേശം ജനഹൃദയങ്ങളിൽ എത്തിക്കാൻ പണിപ്പെടുന്നതിൽ അഹ്മദികൾക്ക് പ്രത്യേകമായ ഒരാനന്ദാനുഭൂതിയുണ്ട്. അതൊരു സൽക്കർമ്മമായി അവർ കരുതുകയും ചെയ്യുന്നു. ആ മഹൽ സന്ദേശത്തിന്റെ തേജോമയമായ കിരണത്തിൽനിന്ന് ഒരംശം എടുത്തുകൊണ്ട് എന്റെ കൃതികളിൽകൂടി പുറത്തുകൊണ്ടുവരാൻ ഞാൻ ശ്രമിച്ചിരിക്കുകയാണ്. അതു മുഖേന ഒരാൾക്കെങ്കിലും ആ സന്ദേശത്തിൽ അടങ്ങിയിരിക്കുന്ന സത്യം സ്വീകരിക്കാൻ ഭാഗ്യം കിട്ടുകയാണെങ്കിൽ അത് വമ്പിച്ച ഒരു നേട്ടമായി ഞാൻ കണക്കാക്കുന്നതാണ്. നിസ്സാരമായ എന്റെ ഈ ശ്രമത്തിന് അല്ലാഹു അവന്റെ അപാര അനുഗ്രഹത്താൽ മഹത്തായ പ്രതികരണം ഉണ്ടാക്കിത്തരുമാറാകട്ടെ. ആമീൻ.

**സിദ്ദീഖ് അമീറലി, മൊഗ്രാൽ**

# അവതാരിക

**കേ**രളത്തിൽ അഹ്മദിയ്യാ സുബായി ഇമാറത്ത് സ്ഥാപിക്കപ്പെട്ടപ്പോൾ ആദ്യത്തെ അമീർ ആയി തെരഞ്ഞെടുക്കപ്പെട്ട ആളാണ് സിദ്ദീഖ് അമീർ അലി സാഹിബ്. പേരിൽ സിദ്ദീഖും അമീറും ആയിരുന്ന ആ മഹാൻ സ്വഭാവത്തിലും നടത്തയിലും അമീറും സിദ്ദീഖും തന്നെയായിരുന്നു. പരമസാത്വികനും ഭക്തനും ദൃഢവിശ്വാസിയുമായിരുന്ന അദ്ദേഹത്തിന്റെ ഉള്ളിൽ പതഞ്ഞുപൊങ്ങിയ വിശ്വാസവികാര തരംഗങ്ങൾ ഗാനങ്ങളായി ബഹിർഗമിച്ചപ്പോൾ താനൊരു കവികൂടിയാണെന്ന് അദ്ദേഹം തെളിയിച്ചു കാട്ടി. സത്യദൂതൻ മാസികയിൽ പലപ്പോഴായി അദ്ദേഹം എഴുതിക്കുറിച്ച ഗാനങ്ങളാണ് ഈ കൃതിയിൽ സമാഹരിച്ചിട്ടുള്ളത്. താനൊരു കവിയാണെന്ന് അദ്ദേഹം ഒരിക്കലും അഹങ്കരിച്ചില്ല. എങ്കിലും അഹ്മദികൾക്കിടയിൽ അദ്ദേഹത്തിന്റെ ഗാന കൃതികൾ വെറും പാട്ടുകളോ ഗാനങ്ങളോ അല്ലാതെ അഗാധങ്ങളായ അർത്ഥതലങ്ങളുള്ള കവിതകൾ തന്നെയായി അനുഭവപ്പെടുകയും പോപ്പുലാരിറ്റി നേടുകയും ചെയ്തു.

അമീർ അലി സാഹിബ് മാപ്പിളപ്പാട്ടുകൾ ആയാണ് തന്റെ ഗാനങ്ങൾ അധികവും രചിച്ചിട്ടുള്ളത്. ധ്വന്യാത്മകതയാണല്ലോ ഈണം കൊണ്ട് ധന്യമായ മാപ്പിളപ്പാട്ടുകളുടെ പ്രത്യേകത. അമീറലി സാഹിബിന്റെ പിതാവ് 'ബാലാമുബ്നുഫക്കീഹ്' എന്ന തുലികാനാമത്തിൽ ഉത്തരകേരളത്തിൽ പ്രസിദ്ധനായ മാപ്പിളക്കവി ആയിരുന്നു. തെക്കൻ കർണ്ണാടകത്തിൽ പ്രതാപശാലിയായി വിരാജിച്ച മുസ്‌ലിംപ്രമാണിയായിരുന്ന കുഞ്ഞിപ്പക്കി സാഹിബ് അദ്ദേഹത്തിന്റെ പിതാമഹനായിരുന്നു.

ഈ കവിതാ സമാഹാരത്തിലെ,

'ഇസ്ലാമിൽ വാഗ്ദാനം ചെയ്യപ്പെട്ട
ഈസാമസീഹിതാ വന്നുപാരിൽ'

എന്നു തുടങ്ങുന്ന പദ്യവും

'പതിനാലാം നൂറ്റാണ്ടിതാ തീരാൻ പോകുന്നു
പുതിയൊരു ലോകമിതാ രൂപംകൊള്ളുന്നു'

എന്നു തുടങ്ങുന്ന ഗാനവും അഹ്മദിബാലികാബാലന്മാരുടെ ചുണ്ടുകളിൽ എന്നും തത്തിക്കളിക്കും. സത്യനിഷേധികളെ പറ്റി സ്മരിക്കുന്നേടത്ത്,

'താലോലം ചെയ്യുന്ന മാതൃകരങ്ങളെ
തല്ലിപ്പൊളിക്കുന്ന ദുഷ്ടജനം
പീയൂഷം നൽകിയ പാത്രമുടച്ചിട്ട്
പാഷാണം കെഞ്ചുന്ന ബുദ്ധിഹീനർ'

എന്നിങ്ങനെ വിവരിച്ചുകൊണ്ടെഴുതിയ വരികൾ എത്രമാത്രം ഹൃദ്യമായിരിക്കുന്നു!

ഒരു പ്രസ്ഥാനത്തിന്റെ പുരോഗതിയിൽ സാഹിത്യത്തിന്റെ വളർച്ച അനുപേക്ഷണീയമാണ്. സാഹിത്യം എന്നു പറയുന്നത് കവിതകളും മഹാകാവ്യങ്ങളും ചെറുകഥകളും നോവലുകളും മാത്രമല്ല, വിവിധ വിഷയകമായുള്ള പ്രൗഢമായ ഉപന്യാസങ്ങളും നാടകങ്ങളും നിരൂപണങ്ങളും ചരിത്രങ്ങളും ജീവചരിത്രങ്ങളും ആത്മകഥകളും തർജ്ജമകളും എല്ലാം ഉൾക്കൊള്ളുന്നതാണ്. ഈ എല്ലാ ഉൾപിരിവുകളിലും പ്രവീണരായ ആളുകൾ വളരേണ്ടതും വളർത്തപ്പെടേണ്ടതും ഒരു പ്രസ്ഥാനത്തിന്റെ വികസനത്തിന് ആവശ്യമായിരിക്കുന്നു. വാഗ്ദത്ത മസീഹ് ഹസ്റത്ത് അഹ്മദ് (അ) കവിതകൾ രചിച്ചത് ഈ രംഗങ്ങളിലൂടെ സത്യഹൃദയങ്ങളെ ആകർഷിക്കുക എന്ന ഉന്നം വെച്ചുകൊണ്ടായിരുന്നു. തന്റെ ഒരു കവിതയിൽ,

*കുച്ച് ശഅ്റൊ ശായ്രി സെ അപ്നാ നഹീ തഅല്ലുഖ്*
*ഉസ് ഢബ്സെകോയീ സംഝേ ബസ് മുദ്ദആയഹീഹൈ*

(കവിതകളും കവിത്വവുമായി എനിയ്ക്കൊരു ബന്ധവുമില്ല. ആ മട്ടിൽ വല്ലോരും സത്യം ഗ്രഹിക്കുമാറാകട്ടെ എന്നതു മാത്രമാണ് എന്റെ ഉന്നം) എന്നു തുറന്നുപറയുകയുണ്ടായിട്ടുണ്ട്. അതുതന്നെയാണ് ഈ ഗാനകൃതിയുടെ കർത്താവിന് പറയാനുള്ളത്. മുഖവുരയിൽ അദ്ദേഹം ഇതെടുത്തുപറയുകയും ചെയ്യുന്നു.

ഈ കാലഘട്ടത്തിലെ അതിപ്രധാനവും അതിമഹത്തുമായ ഒരു

സന്ദേശമാണ് അഹ്മദിയ്യത്തിന്റെ സന്ദേശം. ആ സന്ദേശം ജന ഹൃദയങ്ങളിൽ എത്തിക്കാൻ പണിപ്പെടുന്നതിൽ അഹ്മദികൾക്ക് പ്രത്യേകമായ ഒരാനന്ദാനുഭൂതിയുണ്ട്. അതൊരു സൽകർമ്മമായി അവർ കരുതുകയും ചെയ്യുന്നു. അത് മുഖേന ഒരാൾക്കെങ്കിലും ആ സന്ദേശത്തിലടങ്ങിയ സത്യം സ്വീകരിക്കാൻ ഭാഗ്യം കിട്ടുക യാണെങ്കിൽ അത് വമ്പിച്ച ഒരു നേട്ടമായി ഞാൻ കണക്കാക്കും. എന്നിങ്ങനെ അമീർ അലി സാഹിബ് പറയുന്നു. ഇതിൽ വൈക ല്യങ്ങളും പോരായ്മകളും ചിലതെല്ലാം കണ്ടേക്കാം. എന്നാൽ, ഈ പ്രയത്നത്തിനു പ്രചോദനം നൽകിയ പാവനഭാവന എത്രയും ശ്ലാഘനീയം തന്നെ.

മർഹൂം സിദ്ദീഖ് അമീർ അലി സാഹിബ് അഹ്മദിയ്യാ ഖലീ ഫമാരോട് ബന്ധം പുലർത്തിപ്പോന്ന ആളായിരുന്നു. രണ്ടാം ഖലീഫയെ അദ്ദേഹം നേരിട്ട് കണ്ടിട്ടുണ്ട്. മൂന്നാം ഖലീഫയുമായി പ്രത്യേക ബന്ധം പുലർത്തിയിരുന്നു. മംഗലാപുരത്തെ കങ്കനാ ടിയിൽനിന്നു ഹോമിയോപ്പതി മരുന്നുകൾ അദ്ദേഹം മുഖേനയാണ് ഖലീഫ സാലിസ്(റഹ്) വരുത്താറുണ്ടായിരുന്നത്. ഒരു തലപ്പാവും അദ്ദേഹത്തിന് അവിടുന്ന് സമ്മാനിച്ചിട്ടുണ്ടായി രുന്നു. അതിന്റെ ഒരു ഭാഗം കീറിയെടുത്ത് കുടുംബത്തിൽ സൂക്ഷിക്കുകയും ബാക്കി അദ്ദേഹത്തിന്റെ ഒസ്യത്ത് പ്രകാരം മൃതദേഹത്തോടൊപ്പം കബറടക്കം ചെയ്യുകയുമാണുണ്ടായത്. ഖലീഫ റാബിഉമായും അദ്ദേഹം അടുത്തബന്ധംപുലർത്തി. അമീർഅലി സാഹിബിന്റെ ചരമവാർത്തയറിഞ്ഞ് ഒരു അനുശോ ചന സന്ദേശം ഖലീഫ റാബിഅ് അയച്ചിരുന്നതും ഇവിടെ സ്മര ണീയമാണ്.

കണ്ണൂർ
30–8–2003

എൻ. അബ്ദുർറഹീം

# പ്രസാധകക്കുറിപ്പ്

സംസ്ഥാന അഹ്മദിയ്യാ ജമാഅത്തിന്റെ പ്രഥമ അമീറായിരുന്ന ജനാബ് മർഹൂം സിദ്ദീഖ് അമീർ അലി സാഹിബിന്റെ പതിനാല് കവിതകളുടെ സമാഹാരമാണ് 'ഭാവിയുടെ പുഞ്ചിരി' എന്ന പേരിൽ പ്രസിദ്ധീകരിക്കുന്ന ഈ പുസ്തകം. ഇത് നേരത്തെ ഇതേ പേരിൽതന്നെ മോഗ്രാൽ അഹ്മദിയ്യാ ജമാഅത്ത് പ്രസിദ്ധം ചെയ്തിട്ടുണ്ട്. ചില കവിതകൾ കൂടി ഇപ്പോൾ ഈ പുസ്തകത്തിൽ അധികമായി ഉൾപ്പെടുത്തിയിരിക്കുന്നു.

മർഹൂം സിദ്ദീഖ് അമീർ അലി സാഹിബിനെ പരിചയപ്പെടുത്തേണ്ട കാര്യമില്ല. കേരളത്തിലെ മുഴുവൻ അഹ്മദികളുടേയും ആദരംപിടിച്ചുപറ്റിയ ഒരു മഹാനായിരുന്നു അദ്ദേഹം. കളങ്കമറ്റ സ്വഭാവത്തിന്റെ ഉടമസ്ഥൻ. സ്നേഹ വാത്സല്യങ്ങളുടെ നിറകുടം. ലാളിത്യത്തിന്റേയും വിനയത്തിന്റേയും വിളനിലം. ത്യാഗിവര്യൻ.

അദ്ദേഹം ഒരു കവി കൂടിയായിരുന്നു. നിരവധി കവിതകൾ അദ്ദേഹം രചിച്ചിട്ടുണ്ട്. അവയിൽ മിക്കതും വെളിച്ചംകാണുകയും ചെയ്തിട്ടുണ്ട്. അവ പല സന്ദർഭങ്ങളിലായി നമ്മുടെ യുവാക്കൾ പാടിവരാറുമുണ്ട്. മുതിർന്നവരുടെപോലും ചുണ്ടുകളിൽ അവ തുടിച്ചുനിൽക്കുന്നു എന്നതാണ് വാസ്തവം. ഇമ്പമാർന്ന ഇശലുകളിൽ അദ്ദേഹം രചിച്ച ചില കവിതകളാണ് ഇപ്പോൾ ഈ സമാഹാരത്തിൽ പ്രസിദ്ധീകരിച്ചിരിക്കുന്നത്.

ഇത് പ്രസിദ്ധീകരിക്കുന്നത് മജ്‌ലിസ് അൻസാറുല്ലാഹ് സംസ്ഥാന സമിതിയാണെങ്കിലും ഇതിന്റെ അച്ചടിച്ചെലവ് വഹിക്കുന്നത് കണ്ണൂർ ടൗൺ മജ്‌ലിസ് അൻസാറുല്ലാഹ് ആണ് എന്ന കാര്യവും ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ. ഇതിന് സമുചിതമായ ഒരു അവതാരിക എഴുതിത്തന്നത് ജനാബ് സിദ്ദീഖ് അമീർ അലി സാഹിബുമായി ആത്മബന്ധം സ്ഥാപിച്ചിട്ടുള്ള ജനാബ് എൻ. അബ്ദുറഹീം സാഹിബാണ്. ഈ സമാഹാരത്തിൽ ഉൾപ്പെടുത്തിയ കവിതകൾ അയച്ചുതന്നത് ജനാബ് സിദ്ദീഖ് അഷ്റഫ് അലി സാഹിബാണ്. അവർക്കെല്ലാവർക്കും ഞങ്ങളിവിടെ നന്ദി രേഖപ്പെടുത്തുന്നു.

ഈ പുസ്തകം ഒന്നാമത് പ്രസിദ്ധീകരിച്ച അവസരത്തിൽ സിദ്ദീഖ് അമീർ അലി സാഹിബ് എഴുതിയ കുറിപ്പും ഇതിൽ ചേർത്തിട്ടുണ്ട്. അതിലെഴുതിയതുപോലെ 'ഈ ശ്രമത്തിന് അല്ലാഹു അവന്റെ അപാരമായ അനുഗ്രഹത്താൽ മഹത്തായ പ്രതികരണം ഉണ്ടാക്കിത്തരുമാറാകട്ടെ' എന്ന് ഞങ്ങളും ഇവിടെ പ്രാർത്ഥിക്കുകയാണ്.

കണ്ണൂർ,<br>1.9.2003

ബിഎംകോയ, നാസിം അഅ്‌ലാ മജ്‌ലിസ്<br>അൻസാറുല്ലാഹ് കേരള

# ഉള്ളടക്കം


| | | |
|---|---|---|
| 1 | പ്രാർത്ഥന | 9 |
| 2. | മുഹമ്മദ്(സ) | 10 |
| 3. | അഹ്മദിയാകുവിൻ | 11 |
| 4. | സുവിശേഷവും മുന്നറിയിപ്പും | 14 |
| 5. | അല്ലാഹു തുണയ്ക്കട്ടെ | 17 |
| 6 | ലോകം നശ്വരമാണ് | 19 |
| 7. | 'ചിന്തിക്കു സോദരാ ശാന്തമായി' | 20 |
| 8. | ഭാവിയുടെ പുഞ്ചിരി | 22 |
| 9. | ഞങ്ങൾ അടങ്ങുല്ല | 24 |
| 10. | ഒരു താരാട്ട് പാട്ട് | 25 |
| 11. | അടുത്തുവരൂ സോദരാ | 27 |
| 12. | കീർത്തനം പാടുന്നു ഞാൻ | 29 |
| 13. | ഭാരതഭൂമിക്കഭിവാദ്യം | 32 |
| 14. | പ്രാർത്ഥന മാത്രം പരിഹാരം | 34 |

# പ്രാർത്ഥന

**അ**ല്ലാഹുവേ, നിന്റെ കൃപയെന്നിൽ
നല്ലോണം വർഷിക്കു തമ്പുരാനെ

അല്ലാതൊരു ഗതി വേറെയില്ല
ചൊല്ലാനും മറ്റാരും വേറെയില്ല.

എല്ലാമറിയുന്നു നീയൊരുത്തൻ
എല്ലാം തരുന്നതും നീയൊരുത്തൻ

ചൊല്ലാനനവധിയുണ്ടെനിക്ക്
ചൊല്ലാനറിയുന്നില്ലെനിക്ക്

ചൊല്ലിയാലെല്ലാ മപൂർണ്ണമാകും
ചൊല്ലിയാലൊക്കെയും ബാക്കിയാകും

സർവ്വമറിയുന്നൊരുത്തനോട്
വിസ്തരിച്ചെന്തിനു ചൊല്ലണം ഞാൻ

ചൊല്ലുന്നതല്ലെങ്കിലെന്തിനാണ്
ചൊല്ലാതെ തന്നെയറിയുന്നു നീ

വേണ്ടുന്നതെല്ലാം നീ തന്നുകൊണ്ട്
സമ്പന്നമാക്കണേ തമ്പുരാനെ

അന്ത്യവും എന്റേതു നന്നായ്‌വരാൻ
എന്നെത്തുണയ്ക്കണേ തമ്പുരാനേ.

✡

# മുഹമ്മദ്(സ)

സർവ്വപ്രകാശം ജ്വലിക്കുമെൻ നേതാവിൻ
പാവന നാമം മുഹമ്മദല്ലോ.
പരിശുദ്ധരാണ് നബിമാരടങ്കലും
ശ്രേഷ്ഠനവരിൽ മുഹമ്മദല്ലോ.
ക്ഷീണിച്ചു പാതയിൽ വലയുന്ന പാന്ഥന്
തുണയും തണലും മുഹമ്മദല്ലോ.

ദിക്കുമിടവുമില്ലാത്തൊരുന്നത
ഭക്ത വഴികാട്ടി മുഹമ്മദല്ലോ
ഖാത്തമുൽഅമ്പിയാ, ദീനിന്നധിപതി
മുത്തുറസൂലും മുഹമ്മദല്ലോ.
ലയിക്കുന്നു ഞാനീ ആത്മീയതേജസ്സിൽ
സൂര്യനെനിക്കു മുഹമ്മദല്ലോ

ജ്ഞാനനിധിയാണീയേക പ്രവാചകൻ
അന്യൂനനും എൻ മുഹമ്മദല്ലോ
എല്ലാമെനിക്കു ലഭിക്കുവാൻ കാരണം
അല്ലാഹുവേ, നിൻ മുഹമ്മദല്ലോ
ഹൃദയമെന്നെന്നും ചുംബിക്കാൻ വെമ്പുന്ന
ഖുർആനെ തന്നതും മുഹമ്മദല്ലോ.

✡

* ഹസ്റത്ത് മുഹമ്മദ് മുസ്തഫാ (സ.അ) തിരുമേനിയെ പ്രകീർത്തിച്ചുകൊണ്ട് വാഗ്ദത്ത മസീഹ് ഹസ്റത്ത് മിർസാ അഹ്മദുൽ ഖാദിയാനി(അ) രചിച്ച '*വോ പേശുവാ ഹമാരാ*' എന്ന കവിതയുടെ അവലംബം.

# അഹ്മദിയാകുവിൻ!

**ഇ**സ്ലാമിൽ വാഗ്ദാനം ചെയ്യപ്പെട്ട
ഈസാമസീഹിതാ വന്നു പാരിൽ
ഇസ്രായിൽ മക്കൾക്കയച്ചതായ
ഈസാനബിയോ മരിച്ചുപോയി
വാനത്തേക്കെന്തിന് നോക്കീടുന്നു
വാനത്ത് നിന്നാരും വന്നതുണ്ടോ?
ആദം തൊട്ടിന്നോളമാരുംതന്നെ
മാനത്ത് നിന്നിങ്ങ് വന്നതില്ലാ
ആകാശം നോക്കിയ ജൂദർക്കിന്നും
ഇൽയാസും ഈസയും വന്നില്ലല്ലോ
ചാണിന് ചാണായി പിന്തുടർന്നു
ചാടൊല്ലെ ജൂതക്കുഴിയിൽ നിങ്ങൾ
ആ ശപ്തജൂതരെ പിന്തുടർന്നാൽ
നാശം ഭവിച്ചീടും തീർച്ചതന്നെ
ദൂതർ മുഹമ്മദിൻ ശിഷ്യനായ
മഹ്ദീമസീഹിന്റെ വാദം കേൾപ്പിൻ
'*ലൻ മഹ്ദിഇല്ലാ ഈസാ*'യെന്ന
നൽ തിരുവാക്യവുമോർത്തു നോക്കിൻ
വിസ്മയം! സൂറത്തുസ്സഫ്ഫിലോതിൻ
'ഇസ് മുഹു അഹ്മദെ'ന്നുള്ള സൂക്തം
ഈമാൻ സുറയ്യായിലാകും കാലം
സൽമാനുൽ ഫാർസിയെ ഓർത്തിടേണ്ടേ?
അബ്നാ ഉൽഫാർസിയിൽ നിന്നുതന്നെ
ഇബ്നു മറിയം ജനിച്ചുവല്ലോ!
അഹ്മദിൻ അൻസാറിലംഗമായി
അഹ്മദിയാകുക സോദരാ നീ!

**ഭാവിയുടെ പുഞ്ചിരി**

ഓട്ടത്തിൽ മുന്തിയ വാഹനങ്ങൾ
നേട്ടമായ് കിട്ടിയ ലോകമിന്ന്
ഒട്ടകയാത്ര ത്യജിച്ചുകൊണ്ട്
കൂട്ടുന്നു മഹ്ദിക്ക് മാറ്റധികം
ഇക്കാര്യവും പണ്ട് ചൊന്നതാണ്
ഇക്കാലം ഭംഗിയിൽ പൂർത്തിയായി
ഏക റമദാനിൽ ചൊന്നപടി
ഗ്രഹണങ്ങൾ രണ്ടുമതൊത്തു കൂടി
സൂര്യനും ചന്ദ്രനും സാക്ഷിയായി
സത്യമഹ്ദിക്ക് ലക്ഷ്യമായി
അത്തിരുവാക്യവുമൊത്തുവല്ലൊ
കാത്തിനി നിൽക്കുന്നതാരെയാണ്?
മഹ്ദിക്ക് 'ബൈഅത്ത്' ചെയ്തുകൊണ്ട്
അഹ്മദിയാകുക സോദരാ നീ.

*****

ഈരേഴാം നൂറ്റാണ്ടിലാഗമിച്ച
ഈസാമസീഹിന്റെ ശബ്ദം കേൾപ്പിൻ
കൂരിരുട്ടാർന്നയീ കാലം തന്നെ
ആ ദിവ്യദൂതന്റെ സത്യസാക്ഷി
ലോകമിരുട്ടിലുറങ്ങിടുമ്പോൾ
ആദിത്യൻ തട്ടിയുണർത്തിടുന്നു
ഘോരമാം താപാൽ വരണ്ട ഭൂവിൽ
പാരം ചൊരിയുന്നു കാലവർഷം
മാറ്റം വരാത്തയീ ദിവ്യചട്ടം
മാറ്റുമോ ദൈവമധർമ്മകാലം?
അന്ധത അജ്ഞത നീക്കീടുവാൻ
ശാന്തിയാൽ പാരിന്നു ശോഭചാർത്താൻ
നീതി സത്യങ്ങൾ നിറഞ്ഞൊഴുകും
നൂതന ലോകം പടുത്തുയർത്താൻ
ഇസ്ലാംമതത്തിന് രക്ഷ നൽകാൻ
ഈസാമസീഹിതാ വന്നുപാരിൽ

ഖാദിയാൻ ദേശത്തുയർന്ന ശബ്ദം
ഭൂതലമാകെപ്പരന്നുപോയി
ആഫ്രിക്കൻ ജാതികൾ കൂട്ടമായി
കുഫ്റോട് യാത്ര പറച്ചിലായി
അഹ്മദിൻ ശിഷ്യരായ് മാറിടുന്നു
'അഹ്റാറെ യൂറോപ്പ്' മെല്ലെയായി
ഇസ്ലാംമതമാകും സൂര്യനിതാ
പശ്ചിമദിക്കിലുദിക്കലായി
സൂര്യൻ പടിഞ്ഞാറുദിച്ചീടുന്ന
കാര്യവുമത്ഭുതമല്ലാതായി
ലക്ഷ്യങ്ങളൊക്കെയും പൂർത്തിയായി
ലക്ഷണമെല്ലാം പുലർന്നുപോയി
കാഹളമൂതിയ കാലമായി
അഹ്മദിയാകുക സോദര നീ!

✡

# സുവിശേഷവും മുന്നറിയിപ്പും

എന്തിന് മൂടിപ്പുതച്ചു കിടക്കുന്നു?
വന്നല്ലോ സൂര്യൻ തലക്കുമീതെ.
കണ്ണുമടച്ചു കിടന്നുകൊണ്ടിപ്പോഴും
എങ്ങുമിരുട്ടാണെന്നാണോ ഭാവം?
കാതുകൾ കൈകൊണ്ട് പൊത്തിയടച്ചിട്ട്
വാദ്യഘോഷങ്ങളകറ്റീടാമോ?
'യുദബ്ബിറുൽ അംറ മിനസ്സമാ'... യെന്നുള്ള
വേദവാക്യത്തിൽ പറഞ്ഞപോലെ
"അൽഫസനത്തിമ്മിമ്മാ തഉദ്ദൂ"
എന്ന വചനപ്പൊരുളുപോലെ
ആണ്ടുകളായിരം ചെന്നതിൽ പിന്നെയായ്
വന്നതാണല്ലോയീ സുപ്രഭാതം
ഓടി വന്നീടുക മാനുഷാ ധൃതിയിൽ
മാടിവിളിക്കുന്നു ദൈവദൂതൻ
"അസ്സാബിഖൂനൽ അവ്വലൂനെ"ന്നുള്ള
മുൻ 'സഫി'ലുള്ളോരിൽ ചേർന്നുകൊണ്ട്
വാരിയെടുക്കുക നിഅ്മത്തിൻ മുത്തുകൾ
ഏറെസ്സമയം കളഞ്ഞീടാതെ.
പിന്നെ ലഭിക്കില്ലീ ദുർലഭ സന്ദർഭം
കുന്നോളം പൊന്നുകൾ നൽകിയാലും

മാനവലോകത്തെ വാനത്തുയർത്തുവാൻ
മാനത്ത് നിന്നിങ്ങിറക്കിയൊരു
പാശം പിടിച്ചങ്ങ് മേല്പോട്ടുയരാതെ
വാശി പിടിക്കുന്നു മർത്ത്യലോകം
പണ്ടേ മരിച്ചൊരു ഈസാനബിയിന്ന്
കൊണ്ടലിൽ നിന്നിങ്ങിറങ്ങണംപോൽ!

കുരിശുകൾ തല്ലിത്തകർത്തുകൊണ്ടാ ദൂതൻ
പാരിടമൊക്കെയും ചുറ്റണംപോൽ!
പന്നിയെ കൊല്ലാനായി നാടും നഗരവും
ദണ്ഡുമായാ നബി തെണ്ടണംപോൽ!
പൊന്നും പണവും കൊടുത്തിട്ടിവരെയീ
മന്നിലെ മന്നരായ് മാറ്റണംപോൽ!
തങ്ങൾ വിചാരിച്ച രീതിയിൽ ദൂതന്മാർ
വന്നില്ലയെന്നുള്ള കാരണത്താൽ
തള്ളിപ്പറഞ്ഞിവർ ഊറ്റം നടിച്ചിവർ
കൊല്ലാൻ തുനിഞ്ഞിവർ പണ്ട് പണ്ടും
ലേശം വിനയമീ മാനുഷൻ കാട്ടുകിൽ
എത്തിടാമേഴാം വാനത്തിൽ സ്വന്തം
എന്തിന് നാലാമാകാശത്തിൽ നിന്നിങ്ങ്
ഉന്തിയിറക്കേണം മറ്റൊരാളെ

താലോലം ചെയ്യുന്ന മാതൃകരങ്ങളെ
തല്ലിപ്പൊളിക്കുന്ന ദുഷ്ടജനം!
പീയൂഷം നൽകിയ പാത്രമുടച്ചിട്ട്
പാഷാണം കെഞ്ചുന്ന ബുദ്ധിഹീനർ!
കാലത്തിൻ കാഹളം കേൾക്കാത്ത മട്ടിലായ്
കാലം കഴിക്കുന്ന മാലോകരെ,
ഭൂമികുലുക്കവും വെള്ളപ്പൊക്കങ്ങളും
ഭീമയുദ്ധങ്ങളും വന്നുവല്ലൊ.
അല്ലാഹു ദൂതനെ ലോകത്തയക്കാതെ
വല്ലാതിറക്കുമോ ശിക്ഷയേറെ?
ക്വറ്റയും പഞ്ചാബും ബംഗാളും പോരെങ്കിൽ
ഏറ്റം ഭയങ്കരമാണ് ഭാവി
ആധികൾ, വ്യാധികൾ, ആപൽമരണങ്ങൾ
വീട് വീടാന്തരം വന്നുകൊള്ളും
കൊല്ലും കൊലയും മറ്റേറെ വിനകളും
എല്ലാം വരുന്നുണ്ട് മെല്ലെ, മെല്ലെ.
നാടുകൾ തമ്മിലും ജാതികൾ തമ്മിലും

കൂടും കലഹങ്ങൾ കൂടെക്കൂടെ
ഞെട്ടലുണ്ടാക്കുന്ന ഭീകരവാർത്തകൾ
കേട്ടുകേട്ടങ്ങ് തരിച്ചുപോകും.
പൊട്ടിക്കരയിക്കും ദീനമാം ദൃശ്യങ്ങൾ–
കണ്ടു കണ്ടങ്ങ് പകച്ചുപോകും.
നൂറ് നൂറായിരമാപത്ത് വേറേയും
ഏറെയുണ്ടങ്ങോട്ടു മേലെ, മേലേ.
നാള് നാളെന്നല്ല നാഴിക തന്നിലും
നാശങ്ങളുണ്ടെനി നീളെ നീളെ
ലൂത്തിന്റെ കാലവും നൂഹിന്റെ കാലവും
എത്തീടും മേലിലും വേറെയേറെ
ഊറ്റം നടിച്ചവർ, ഏറ്റമുയർന്നവർ
പറ്റെ പതിഞ്ഞിടും മുട്ടുകുത്തും
എന്താണ് ലോകത്ത് വന്നിടാൻ പോകുന്ന–
തെന്ന് ജനങ്ങൾ പറഞ്ഞുപോകും
കാതുകളുള്ളവർ കേൾക്കട്ടെ നന്നായി–
ഖാദിയാനിൽ നിന്നുയർന്ന നാദം
തൂങ്ങിക്കിടക്കുമീയാപത്തകറ്റുവാൻ
ഒന്നെ വഴിയുള്ളു കേൾക്കൂ, കേൾക്കൂ.
കുറ്റങ്ങളേറ്റ് പറഞ്ഞുകൊണ്ടെല്ലാരും
തെറ്റ് തിരുത്തണം വേഗം, വേഗം.
മഹ്ദി മസീഹായി ഖാദിയാനിൽ വന്ന
ദൂതരിലെല്ലാരും വിശ്വസിച്ചു
മഞ്ഞിന്മേൽ മുട്ടുകൾ കുത്തിയിഴഞ്ഞിട്ടും
ചെന്നങ്ങ് ബൈഅത്ത് ചെയ്തീടണം
മുത്ത് മുഹമ്മദ് തന്റെ മഹ്ദിക്കായ്
എത്തിക്കാനേല്പിച്ചു തന്ന സലാം.
ഒട്ടും മുടങ്ങാതെയെത്തിക്കൂ ഖാദിയാനിൽ
ഒറ്റക്കും കൂട്ടായുമേറ്റ മേറ്റം.

✡

# അല്ലാഹു തുണക്കട്ടെ

വണ്ടേ മരിച്ചുപോയ് ഈസാനബിയെന്ന സത്യം ഗ്രഹിക്കാതെ-
നിങ്ങൾ
കൊണ്ടലും നോക്കിക്കൊണ്ടീസായെകാത്തെനി കാലംകഴിക്കല്ലേ!
മാനവും നോക്കിക്കൊണ്ടീസായെ കാത്തു കഴുത്തുകഴച്ചില്ലേ-
എനിയും
മാനം വിട്ടെന്തിത് ഭൂമിയിൽ നോക്കുവാൻ നേരമിങ്ങായില്ലേ?
വല്ലാഹി, വല്ലാഹി വാനത്തിൽ നിന്നെനി ഈസായിറങ്ങൂല്ലാ-
അതിനാൽ
വല്ലാതെ കാത്തിനി ക്ഷീണിച്ചു നാണിച്ചു ഖേദത്തിലാകൊല്ലാ
നൂറ്റാണ്ടിന്റന്ത്യം കുറിക്കുന്ന ഘട്ടവുമെത്തിക്കഴിഞ്ഞല്ലോ-
എനിയും
നൂറ്റാണ്ടിന്റാദ്യത്തിൽ വന്ന മസീഹിന്റെ ശബ്ദം ശ്രവിച്ചില്ലേ?
ഈരേഴാം നൂറ്റാണ്ടിൽ ഖാദിയാനിൽവന്ന മഹ്ദീമസീഹിനു
വേണ്ടി
സൂര്യനും ചന്ദ്രനുമേക, 'റമദാനിൽ' സാക്ഷിപറഞ്ഞില്ലേ?
കാലവും ദേശവും ലക്ഷണമൊക്കെയുമൊത്തതും പോരെന്നോ
എന്ത്
നാമവും ഖുർആനിൽ ചൊന്നപോലഹ്മദെന്നായതും പോരെന്നോ?
മൂസാക്കൊരീസാമസീഹായി വന്നതലങ്കാരമാണെങ്കിൽ
പിന്നെ മുഹമ്മദിന്നഹ്മദുമാവിധം വന്നതും ഭൂഷണം തന്നെയല്ലേ?
മുത്തുനബിയുടെ വാക്കുകളൊക്കെയുമൊത്തുകഴിഞ്ഞല്ലോ
എനിയും മത്ത് പിടിച്ചൊരു മട്ടിലായെന്തിനു ചുറ്റിത്തിരിയുന്നു?
ചുറ്റുമിരുന്നൊരു ഭക്ഷണത്തളികയിൽ കൈനീട്ടിടുംപോലെ-
നിങ്ങളെ മറ്റ് ജനതകളൊന്നിച്ചു ചേർന്നിതാ നുള്ളിപ്പറിക്കുന്നു!
ലോകത്തിലങ്ങനെ അങ്ങോളമിങ്ങോളം സമുദായം വല്ലാതെ-
ഇന്നു മൂകമായി മർദ്ദനമേറ്റേറ്റുകൊണ്ടിതാ വിങ്ങിക്കരയുന്നു!

ജൂതർക്കു പണ്ട് മസീഹിന്റെ കാലം ഫലസ്തീനിലുണ്ടായ-
ശിക്ഷ ജൂതർ മുഖേന രുചിക്കുന്നു നിങ്ങളിന്നൊട്ടും കുറയാതെ.
എന്നിട്ടും നിങ്ങൾക്കു മോചകനാരുമേ വന്നില്ലയെന്നാണോ-
നിങ്ങൾ ഇന്നും പറഞ്ഞുനടക്കുന്നതയ്യയ്യോ! അങ്ങിങ്ങു നോക്കാതെ
തക്കസമയത്തു വന്നൂ മസീഹെന്ന സത്യമിതായെങ്ങും- നല്ല
ഊക്കിലുറക്കെ വിളിച്ചുപറഞ്ഞു പിരിയുന്നിതാ ഞങ്ങൾ
കേൾക്കയോ കേൾക്കാതിരിക്കയോ വേണ്ടത് ചിന്തിച്ചുചെയ്തോളൂ-
ഇനിയും നാളുകൾ നീട്ടിക്കളയാതെ വേണ്ടതുവേഗത്തിൽ
ചെയ്തോളൂ
അഹ്മദിൻ പൂങ്കാവനത്തിങ്കൽനിന്നിതാ പൂങ്കാറ്റടിക്കുന്നു-
അതിനാൽ
മുഹമ്മദിൻ ദീനിന്റെ സൗരഭ്യം ഭൂവിങ്കലെങ്ങും പരക്കുന്നു
പാവനദീനിന്ന് സേവനം ചെയ്വതിനാഗ്രഹമുണ്ടെങ്കിൽ-നിങ്ങൾ
ഈ വന്ന ദിവ്യന്റെ സംഘത്തിൽ ചേരുവാൻ മുന്നോട്ടു വന്നോളൂ
സന്ദേശമെത്തിക്കയെന്നുള്ള കർത്തവ്യം ഞങ്ങളോ ചെയ്യട്ടെ-
നിങ്ങളെ
സന്ദേഹം വിട്ടുടൻ സത്യം ഗ്രഹിക്കുവാൻ അല്ലാഹ് തുണക്കട്ടെ.

✡

# ലോകം നശ്വരമാണ്*

ഒരു നാളെന്തായാലും മരണം മുമ്പാകെ വന്നെത്തും
വിരുതൊന്നും തന്നെ നടക്കില്ലല്ലോ ആ നേരത്ത്

നശ്വരമായ ഈ ലോകം ശാശ്വതമല്ലല്ലോ
വിശ്ലേഷം ഖണ്ഡിതമാണ് നിശ്ചിത നേരത്ത്

സുസ്ഥിരനായിട്ടുറച്ചു നിൽക്കൂ നീ മാനുഷാ
കഷ്ടവും ദുഃഖവും ഒക്കെ വന്നെത്തും നേരത്ത്

നിറവേറ്റാനെല്ലാം കഴിവുള്ളോനാണ് സർവ്വേശൻ
നൈരാശ്യമെന്തിന് വിഷമം തോന്നുന്ന നേരത്ത്

ദൈവത്തിന്നെന്ത് നിൻ ആവശ്യങ്ങൾ വലുതാണോ?
അവനോട് ചോദിക്കൂ എന്തും വേണ്ടുന്ന നേരത്ത്

ഉടയോനെ മാത്രം വണങ്ങൂ മറ്റുള്ള രൂപങ്ങൾ
ഉടച്ചു കളയൂ മനസ്സിൽ വന്നെത്തും നേരത്ത്

വെറുക്കുക തിന്മയെ നന്മ ചെയ്യുകയെന്നെന്നും
ഒരുങ്ങു നീ പോകാൻ യമറാട്ടെത്തുന്ന നേരത്ത്

വജ്രത്തിന്നെന്ത് ശിലാതുണ്ടിന്റെ വിലയാണോ?
വ്യാജം ജയിക്കുമോ സത്യം വന്നെത്തും നേരത്ത്.

✡

* ഇത് ഹസ്റത്ത് അഹ്മദ്(അ)ന്റെ *'ഇക്ക്ന ഇക്ക്ദിൻ പേശ്ഹോഗ'* എന്ന ഉറുദു കവിതയുടെ പരിഭാഷയാണ്.

## 'ചിന്തിക്കു സോദരാ! ശാന്തമായി'

**മു**ന്നോട്ട് വന്നിടൂ സോദരാ! സാമോദം
സന്ദേഹമെല്ലാമകറ്റിക്കൊണ്ട്
സന്താപമെന്തിന് സന്തോഷവേളയിൽ!
ചിന്തിക്കൂ സോദരാ! ശാന്തമായി.
ശാപമല്ലല്ലോ നുബുവ്വത്ത് സോദരാ!
താപവും കോപവും കാട്ടിടുവാൻ!
വമ്പിച്ചനുഗ്രഹമല്ലെ നുബുവ്വത്ത്
വെമ്പുന്നതെന്തിന് ചൊല്ലിടാമോ?
ഭാരിച്ചനുഗ്രഹം നഷ്ടപ്പെടുകയോ
ശ്രേഷ്ഠതക്കുള്ള നിൻ മാനദണ്ഡം!
വറ്റിയൊരാറ്റിന് മേന്മയെന്താണഹോ!
മച്ചി മരത്തിന്റെ മെച്ചമെന്ത്!
'ഖാത്തമുൽ അമ്പിയാ' മുത്ത് നബിയുടെ
ഉത്തമ ജനതയാം പൂങ്കാവനം
പുഷ്പവും കായ്കളും ചെറ്റുമെയില്ലാതെ
ശുഷ്കിച്ചു വാടിക്കരിഞ്ഞുവെന്നോ!
ഇസ്ലാമതമാകും വൻ ആഴി താനുമേ
നിശ്ശേഷം വറ്റിവരണ്ടുവെന്നോ!
വിശ്വാസമിവിധം ഭൂഷണമല്ലല്ലോ
മോശമാണത്തരം വീക്ഷണങ്ങൾ
വാനവും നോക്കി നീ അന്യരിൽ വന്നൊരു
ദൂതനെ കാക്കുകയാണോ? കഷ്ടം!
സ്വന്തം ജനതയിൽ നിന്നൊരു ദൂതന്
വന്നിടാനെന്തുണ്ട് പന്തികേട്?

'ദജ്ജാലും' 'കദ്ദാബു'മെല്ലാം നിനക്കാവാം!
വേണ്ടാത്തവർ ദൈവദൂതരാണോ?
        മുത്ത് മുഹമ്മദിൻ 'ഹൗളിൽ കൗസറ്'
        വറ്റില്ലൊരിക്കലും തീർച്ചതന്നെ
നൽഫലം നാലു* മീ 'ഖൈറുൽ-ഉമം' തന്നെ
നൽകുമെക്കാലവുമോർത്തു കൊൾക
        'അബ്തറാ'കില്ലാ മുഹമ്മദ് മുസ്തഫാ
        വാസ്തവമാണിത് കേട്ടുകൊൾക
മുഹമ്മദിൻ ആത്മീയ വൻസുതനായിതാ
അഹ്മദുൽ-ഖാദിയാൻ വന്നു പാരിൽ
        ആ ശിഷ്യദൂതന്റെ ശബ്ദം ശ്രവിക്കാതെ
        നഷ്ടത്തിലാകല്ല സോദരാ! നീ
മുന്നോട്ടു വന്നിടൂ സോദരാ! സാമോദം
സന്ദേഹമെല്ലാമകറ്റിക്കൊണ്ട്.

✡

---

* നൽഫലം നാല്- നബി, സിദ്ദീഖ്, ശഹീദ്, സാലിഹ്

# ഭാവിയുടെ പുഞ്ചിരി

പതിനാലാം നൂറ്റാണ്ടിതാ തീരാൻപോകുന്നു
പുതിയൊരു ലോകമിതാ രൂപംകൊള്ളുന്നു
വാനിൽ നിന്നിനി ഈസ വരില്ല
വാളുമെടുത്തൊരു മഹ്ദി വരില്ല
ആശക്കിനിയൊരു മാർഗ്ഗവുമില്ല
ആകാശം നോക്കി നോക്കി നിങ്ങൾ തളരുന്നൂ
ആകാശം ലക്ഷ്യമാക്കി ഞങ്ങളുയരുന്നൂ
ഞങ്ങളെ നോക്കി നിങ്ങൾ ചിരിച്ചു
നിങ്ങളെ നോക്കി ഞങ്ങൾ കരഞ്ഞു
അങ്ങനെ ഭൂമി ചേരിപിരിഞ്ഞു
ഭൂമിയോ നിങ്ങൾക്കിന്ന് ചുറ്റും ചുരുങ്ങുന്നു
ഭൂമിയിൽ നാലുപാടും ഞങ്ങൾ പെരുകുന്നു
നേട്ടം കണ്ടതിൽ നോട്ടംവന്നു
നാട്ടിൽ പലരിൽ വാട്ടംവീണു
കോട്ടക്കുള്ളിൽ ചാട്ടംവന്നു
മന്നന്മാർ ഞങ്ങൾക്കെതിരിൽ 'നംറൂദാ'കുന്നു
എണ്ണയും തീയും കാട്ടി ഞങ്ങളെ വെല്ലുന്നൂ
തീ കണ്ടാലും പേടിവരില്ല
തീയിൽ ഞങ്ങൾ വേവുകയില്ല
തീക്കളിയാലേ ചാവുകയില്ല
ഇബ്റാഹീമേറെയുണ്ട് ഞങ്ങളിലിന്ന്
ഉലകമീ സത്യത്തേയും കാണാൻ പോകുന്നൂ!
'കൂനീബർദൻ' എന്നൊരു ശബ്ദം
കേൾക്കും ഞങ്ങൾ നിസ്സന്ദേഹം
കാണും അത്ഭുതമിനിയും ലോകം

അഹ്മദിൻ 'അൻസാ'റിതാ സഫ്ഫായി നിൽക്കുന്നു
നേതാവിന്നാജ്ഞക്കൊത്ത് മുന്നോട്ടേറുന്നു
ഖലീഫയുണ്ട് ഞങ്ങൾക്കിന്ന്
നായകനാരാ നിങ്ങൾക്കിന്ന്?
സോദരാ വേഗം ചിന്തിക്കൊന്ന്
ഇസ്ലാമിൻ കൊടിയേന്തീ ഞങ്ങൾ നീങ്ങുന്നു
ഇസ്ലാമിൻ പൊന്നുഷസ്സിങ്ങെത്താൻ പോകുന്നു
ലോകത്താകെ ഞങ്ങൾ പരക്കും
ലോകം പിന്നെ ഞങ്ങളെ നോക്കും
ലോകത്തിസ്ലാമുയർന്നു നിൽക്കും
ഭാവിയോ ഞങ്ങളെ നോക്കി പുഞ്ചിരിതൂകുന്നു
പതിനഞ്ചാം നൂറ്റാണ്ടിതാ സ്വാഗതമേകുന്നു
സോദരാ, നീയും വന്നോ വേഗം
അണിയിൽ വന്ന് നിരന്നോ വേഗം
താമസം പിന്നെ വരുത്തും ഖേദം
പതിനാലാം നൂറ്റാണ്ടിതാ തീരാൻ പോകുന്നു
പുതിയൊരു ലോകമിതാ രൂപംകൊള്ളുന്നു!

✡

# ഞങ്ങൾ അടങ്ങൂല്ല

**മു**ത്ത് മുഹമ്മദിൻ യോദ്ധാക്കളാണിന്ന്-
അഹ്മദിൻ ശിഷ്യന്മാർ അതിനാൽ
ഉദ്ദിഷ്ടലക്ഷ്യത്തിലെത്താതെ ഞങ്ങൾ പിന്നോട്ട് മാറൂല്ലാ
മഹ്ദീ മസീഹിന്റെ സന്ദേശം ഞങ്ങൾ-
വീഴ്ച വരുത്താതെ നല്ല
മികവായ രീതിയിൽ എത്തിച്ചീടുന്നതിൽ-
ക്ഷീണിച്ചു പോകൂല്ലാ
ലോകത്തിലൊക്കെയും സത്യവും നീതിയും-
നട്ടുവളർത്താതെ ഞങ്ങൾ
പാകത്തിൽ തെല്ലിട വിശ്രമം കൊള്ളാനായി-
ആശിച്ചു പോകൂല്ലാ
കർത്തവ്യപാലനവേളയിലെന്ത്-
കഷ്ടം ഭവിച്ചാലും ഞങ്ങൾ
കർത്തവ്യ പാതയിൽ നിന്നൊരടിപോലും
പിന്നോട്ട് നീങ്ങൂല്ലാ
'ശിഅ്ബാബി താലിബ്' കണ്ടതുകൊണ്ടൊന്നും-
ഞെട്ടിത്തെറിക്കൂല്ലാ ഞങ്ങൾ
ശുഹദാക്കൾ കാട്ടിയ മാർഗ്ഗങ്ങൾ വിട്ടൊന്നും-
പിന്തിരിഞ്ഞോടൂല്ലാ
ശക്തനായല്ലാഹു ഞങ്ങൾക്ക് പിന്നിൽ-
താങ്ങായി നിൽക്കുമ്പോൾ പിന്നെ
ഭൂട്ടോവും ഫൈസലും കൊല്ലാൻ തുനിഞ്ഞാലും-
ഞങ്ങൾ നശിക്കൂല്ലാ
ലോകൈക ശക്തികൾ ഒന്നിച്ചുചേർന്നു-
തല്ലിത്തകർത്താലും ഞങ്ങൾ
ലോകൈകനാഥന്റെ കൊച്ചുജമാഅത്ത്, തെല്ലും തകരൂല്ലാ
പാക്കഫ്ഘാനവും മക്ക മദീനയും-
പോരല്ലോ ഞങ്ങൾക്ക് കേൾക്കൂ
ലോകം മുഴുവനും മാറ്റം വരുത്താതെ ഞങ്ങളടങ്ങൂല്ലാ.

✡

# ഒരു താരാട്ട് പാട്ട്

ഓമനക്കുഞ്ഞെയുറങ്ങു നല്ല
കോമളക്കുഞ്ഞേയുറങ്ങു
തൊട്ടിലിലാട്ടിയുറക്കാം നിന്നെ
പാട്ടുകൾ പാടിയുറക്കാം
പാകത്തിൽ പെട്ടെന്നുറങ്ങി അതി
വേഗമുണരണമുണ്ണീ
കൂർക്കം വലിക്കുമീലോകം കണ്ട്
ചീർക്കായ്ക നിന്റെയുറക്കം
അഹ്മദിയാണെന്നബോധം നിന്റെ
അകമേയിരിക്കണം നിത്യം

ഓമനപ്പൂവേയുറങ്ങു നല്ല
കോമളപ്പൂവേയുറങ്ങു
പെട്ടെന്നുറങ്ങെന്റെ മുത്തെ നേരം
ഒട്ടും കളയല്ല സത്തെ
ഭാരിച്ച ജോലിയുണ്ടോർക്കു അതി
ദൂരം ഗമിക്കണം നോക്കൂ
മഹ്ദീമസീഹിന്റെ ശബ്ദം എങ്ങും
ഭൂവിൽ മുഴക്കണം തങ്കം
കാടും മലയും കടന്ന് ഓരോ
ദിക്കിലുമെത്തണം പൊന്ന്
ഖുർആനും കയ്യിലെടുത്ത് വേഗം
യൂറോപ്പിലെത്തണം മുത്ത്
തൗഹീദിൻ ഗാനമുറക്കെ പീകം
പാടിപ്പരത്തൂ പരക്കെ
മുഹമ്മദിൻ നിസ്തുല്യ നാമത്തിന്റെ
മഹിമ വളർത്തൂ, കുസുമം

ഓമനപ്പൂവേയുറങ്ങൂ നല്ല
താമരപ്പൂവേയുറങ്ങൂ
വേഗമുറങ്ങണം പൊന്നെ അതി
വേഗമുണരണം കണ്ണെ
വേറെ ശിശുക്കളെപ്പോലെ യുണ്ണി
ഏറെയുറങ്ങുവാൻ മേല
കുരിശിന്റെ മേലധികാരം കുട്ടി
തരിശായി മാറ്റണം വേഗം

സൂകരത്വ*ത്തെയകറ്റൂ ബാലൻ
സൂര്യഗതിയൊന്നു മാറ്റൂ
പാശ്ചാത്യരേറെ ഭരിച്ചു എനി
പാരിടമുണ്ണീ ഭരിക്കൂ
ലോകത്തിലൊക്കെയുമേറ്റം കുട്ടി
ആകെവരുത്തണം മാറ്റം
ഭൂമി പണിയണം വേറെയുണ്ണീ
ആകാശവുമൊന്നു വേറെ
ഓമനക്കുഞ്ഞേയുറങ്ങൂ നല്ല
കോമളക്കുഞ്ഞേയുറങ്ങൂ.

✡

---

* ലജ്ജാകരങ്ങളായ ചെയ്തികൾ

# അടുത്ത് വരൂ സോദരാ

ദൂരെ നിൽക്കുന്നതെന്തിനാണ് സോദരാ ഭയന്ന്?
നേരെ വന്ന് നോക്കീടുക സംശയം വിട്ടൊന്ന്
ദൂരെനിന്നൊരു തീരുമാനം ചെയ്കയാണോ നീതി?
നേരിൽ വന്ന് കണ്ടീടുന്നതിലെന്തിനാണ് ഭീതി?
മഹ്ദിയാണെന്നുള്ളതാണ് അഹ്മദിന്റെ വാദം
മുഹമ്മദിൻ തിരുവചനമാണതിന്നാധാരം
മഹ്ദി വന്നീടേണ്ടുന്ന കാലവുമിതല്ലേ?
മുഹമ്മദിൻ വചനവും പുലർന്നീടേണ്ടതല്ലേ?
വാളുമേന്തി വന്നിടുന്നൊരു മഹ്ദിയെ കാത്തൊന്നും
നാളുകൾ കളയാതിരിക്കൂ സോദരാ നീയിന്നും
ആറ്റമിന്നെതിരായി നിന്റെ വാളിനെന്തുണ്ടൂക്ക്?
ഏറ്റവും അപഹാസ്യമാമീ ചിന്ത നീ മതിയാക്കൂ
മഹ്ദിയും ഈസാമസീഹും ഏക വ്യക്തിയാണ്
മഹ്ദീ വന്നിടേണ്ടതോ ഈ ഭൂമിയിൽനിന്നാണ്
ഇബ്നു മറിയം വന്നിടേണ്ടത് മഹ്ദിയായിട്ടല്ലേ?
ഇബ്നു മാജ, നോക്കിയാലത് വ്യക്തമാകുന്നില്ലേ?
ലക്ഷണത്തിലാണ് വേണ്ടത് പേരിലല്ല നോട്ടം
വീക്ഷണത്തിൽ വന്നിടട്ടേ നേരിയൊരു മാറ്റം
വാനിൽ നിന്നിറങ്ങിടുന്നതിലൊന്നുമില്ല വീര്യം
ആരയച്ചുയെന്നതാണ് കാതലായ കാര്യം
അംബരത്തിൽ നിന്നൊരാളും വന്നിടാനുമില്ല
തമ്പുരാനയച്ചോരാളെ തള്ളലോ ശരിയല്ല
ഭൂരിപക്ഷം തള്ളിയെന്ന കാരണം കൊണ്ടൊന്നും

പാരിലൊരു കാര്യവും ത്യജിക്കലില്ലയെന്നും
പണ്ട് പണ്ടും ദൈവദൂതർ വന്നകാലമെല്ലാം
കണ്ടതല്ലേ ഭൂരിപക്ഷം വിട്ടകന്നതെല്ലാം
ചീത്തയും പരിഹാസ്യവാക്കും കൊള്ളിവാക്കുമൊക്കെ
പുത്തനല്ല മുഅ്മിനീങ്ങൾ കേട്ടതാണിതൊക്കെ
മർദ്ദനങ്ങൾകൊണ്ട് നിങ്ങൾക്കെന്ത് കിട്ടി നേട്ടം
വർദ്ധനവല്ലാതെയുണ്ടോ ഞങ്ങളിലൊരു കോട്ടം?
മുൻനിലക്കൊരു മാറ്റമെല്ലാം സോദരാവരുത്തൂ
മുൻവിധികൂടാതെ നീയൊരുശോധന നടത്തൂ
നേരെ നീയൊരു ശോധന നടത്തീടുകിൽ വേഗം
നേരെളുപ്പം കണ്ടിടുമതിലില്ല വേറെ വിഘാതം
അറച്ചറച്ചു നിന്നിടല്ലെ പിന്നെയും പിന്നോട്ട്
ഏറെ ദൂരമുണ്ടെനിയും പോകുവാൻ മുന്നോട്ട്
ലോകമാകയും നമുക്കിസ്ലാമിനെപ്പരത്താം
ലോകരിൽ നിന്നൊക്കെയും ശിർക്കിനെത്തുരത്താം.

✡

# കീർത്തനം പാടുന്നു ഞാൻ

ഉള്ളിന്റെ ഉള്ളിലങ്ങുള്ളൊരു കാര്യവും
എല്ലാമറിയുന്ന ജീവനാഥാ
ദുഃഖിതനായെന്റെ അർത്ഥന നിൻമുമ്പിൽ
വെക്കുവാൻ പാടവമില്ലെനിക്ക്
പൊട്ടന്റെ ഭാഷയിൽ എൻമൊഴി കേട്ടുനീ
പൊട്ടിച്ചിരിച്ചാലും ഞാൻ ജയിച്ചു
തപ്പിത്തടഞ്ഞു മുടന്നു നടന്നിതാ
കോപ്പൊന്നുമില്ലാതെ ഞാൻ വരുന്നു
കുറ്റം നിറഞ്ഞെന്റെ ജീവിതമല്ലാതെ
മറ്റൊന്നുമില്ലല്ലോ കാഴ്ചവെക്കാൻ
പാവങ്ങളേറി വൻകുന്നോളമായാലും
കേവലമാശ വെടിഞ്ഞിടാതെ
വന്നോട്ടെ ഞാൻ എന്റെ ദാസന്റെ പാപങ്ങൾ
ഒന്നുംകണക്കിലെടുത്തിടാതെ
എല്ലാം പൊറുത്തുകൊടുക്കുമെന്നുള്ള നിൻ
നല്ല മധുരവചനമെന്നിൽ
ആശയും ആവേശവും നൽക കാരണം
ലേശം മടിച്ചങ്ങ് നിന്നിടാതെ
കൊട്ടയും പേറി നടന്നിതാ നിന്നുടെ
മുറ്റത്ത് വന്നു കരഞ്ഞിടുന്നു
കൊട്ടാരമുറ്റത്ത് വന്നയീ ഭിക്ഷുകൻ
കിട്ടാതെ പോകില്ല നിശ്ചയം താൻ
വാതിൽ തുറന്നൊന്നീ ദാസനെ നോക്കണം
വേദനതെല്ലൊന്നമർന്നുകിട്ടാൻ

ഭാവിയുടെ പുഞ്ചിരി

വേദനിക്കുന്ന നിൻ ദാസനോടെത്രയും
ഖേദം നിനക്കുണ്ട് ഞാനറിയും
അച്ഛന്ന് മക്കളോടുള്ള കൂറെന്തെന്ന്
അച്ഛനായുള്ളോരെനിക്കറിയാം
തെറ്റുകൾ ചെയ്തെന്റെ കുട്ടികൾ പിന്നെയും
ചുറ്റിലും വന്നങ്ങ് നിന്നിടുമ്പോൾ
കെട്ടിപ്പിടിച്ചു പുണരുന്നവരെ ഞാൻ
കുറ്റങ്ങളെല്ലാം ക്ഷമിച്ചുകൊണ്ട്
അച്ഛനെയോർക്കുന്ന രീതിയിൽ നിന്നെയും
ഓർക്കാൻ പറഞ്ഞതും വ്യർത്ഥമാണോ?
നടന്നുവരുന്ന നിൻ ദാസനെയേൽക്കുവാൻ
ഓടിവരുന്ന നിൻ മുൻപതിവ്
മറക്കുമോ അല്ല, നീ വേണ്ടെന്നുവെക്കുമോ
തുറന്നു പറയണം ജീവനാഥാ
അങ്ങനെയെങ്കിലും നിൻ ധ്വനി ഞാനൊന്ന്
എങ്ങനെയെങ്കിലും കേട്ടിടട്ടെ
ആനന്ദവും നവജീവനും നൽകുവാൻ
ആ നല്ല നാമം മതിയെനിക്ക്
മിണ്ടാതെ ദൂരെയകന്നു നീ നിൽക്കുകിൽ
സ്വർഗ്ഗത്തിലുണ്ടോ സുഖാനുഭൂതി
നേരെ ചിരിച്ചു നീ ഭാഷണം ചെയ്യുകിൽ
നരകത്തിലെന്തുണ്ട് വേവലാതി?
പൊന്നിലും സ്വത്തിലും സ്ഥാനമാനത്തിലും
ഒന്നിലുമല്ലല്ലോ എന്റെ നോട്ടം
നിന്നെ ലഭിക്കണം നിന്നിൽ ലയിക്കണം
എന്നത് മാത്രമാണെന്റെ നോട്ടം
നിന്നുടെ തൃപ്തിയും പ്രീതിയും നേടുവാൻ
എന്നെ നീയൊന്നു തുണക്കുമെങ്കിൽ
യാതനയെന്തന്നറിയാത്തൊരത്ഭുത
നൂതന സൃഷ്ടിയായ് മാറിടും ഞാൻ
വാത്സല്യമൂറുന്ന നിന്നുടെ കൺമുന

അൽപമൊന്നിങ്ങോട്ട് നീട്ടുമെങ്കിൽ
കഷ്ടവും ദുഃഖവും എത്രയും ഞാനിനി
ഇഷ്ടമായ് തന്നെ സഹിച്ചുകൊള്ളും
പുഞ്ചിരിതൂകുന്ന നിൻമുഖ ദർശനം
ഒന്നിങ്ങെനിക്കായി കാട്ടുമെങ്കിൽ
നീറുന്ന തീയിൽ കിടന്നു ഞാൻ നിന്നുടെ
മോഹന സ്വപ്നങ്ങൾ കണ്ടുകൊള്ളും
മാധുര്യമുള്ള നിൻ ഭാഷണം കേൾക്കുവാൻ
ഭാഗ്യമെനിക്കു നീ നൽകുമെങ്കിൽ
കാടും കടലും കടന്നു ഞാൻ നിന്നുടെ
കീർത്തനം പാടി നടന്നുകൊള്ളും.

✡

# ഭാരതഭൂമിക്കഭിവാദ്യം

നാളിത് നല്ലൊരു നാളാണ്
അഹ്മദ് വന്നൊരു നാളാണ്
പാവനമാമിസ്ലാമിന്റെ
പരിപൂർണ്ണ വിജയമിന്നാണ്
    അഹ്മദ് തന്നുടെ പ്രസ്ഥാനം
    മുഹമ്മദ് നബിയുടെ ദീനാണ്
    ഇസ്ലാമിന്റെ നവോത്ഥാനം
    അതിലാണ് നിശ്ചയമിക്കാലം
മഹദി വരേണ്ടതുമീ നാളിൽ
കല്കി വരേണ്ടതുമീ നാളിൽ
ഈസമസീഹിന്റാഗമനം
മുൻകൂട്ടിവെച്ചതുമീ നാളിൽ
    മാനവജാതികളൊന്നാണ്
    ദൈവവും നമ്മൾക്കൊന്നാണ്
    ഗോപാലകനായ് ഈ നാളിൽ
    അവതീർണ്ണനായാളൊന്നാണ്
അഹ്മദ് തന്നെ മസീഹാണ്
മഹദിയും അഹ്മദുമൊന്നാണ്
സാരഥിയായൊരു കൃഷ്ണന്റെ
അവതാരമഹ്മദ് താനാണ്
    നാളിതു നല്ലൊരു നാളാണ്
    അഹ്മദ് വന്നൊരു നാളാണ്
    പാവനമാമിസ്ലാമിന്റെ
    പരിപൂർണ്ണവിജയമിന്നാണ്
കുരിശുകൾ മെല്ലെത്തകരുന്നു
വൈരികൾ കണ്ടു തളരുന്നു

മഹദിമസീഹിൻ പട്ടാളം
പതറാതെ മുന്നോട്ടേറുന്നു
ശിർക്കുകളെല്ലാമതടങ്ങിവരും
തൗഹീദിൻ കൊടി പൊങ്ങിവരും
സത്യമതത്തിന്റെനുയായികൾ
തളരാതെ നിന്നു പടപൊരുതും
നിർമ്മതവാദമൊളിച്ചോടും
നിരീശ്വരത്വം നാടുവിടും
ജലനിധിയാകും ഖുർആന്റെ
ഒരുപാട് മുത്ത് പുറത്തുവരും
ജാതികൾ തമ്മിലടുത്തുവരും
മാനവസ്നേഹമതേറി വരും
നന്മനിറഞ്ഞൊരു നാളിന്റെ
നവമായ സൂര്യനുദിച്ചുവരും
ഭാരതമേ നീ ഭാഗ്യവതി
ഭാവിയിലോ നിനക്കാണ് സ്തുതി
ഖാദിയാനെന്നൊരു നാടിന്റെ
പരിപാലനം നിനക്കൊന്നുമതി
നാടുകൾ നിന്റെയടുത്തുവരും
കോടിജനങ്ങളോടിവരും
ഭാരതമേ നിൻ കീർത്തനങ്ങൾ
പതിനായിരങ്ങൾ പാടിവരും.
ഭാരതഭൂമിക്കഭിവാദ്യം
ആയിരമായിരമഭിവാദ്യം
മുഹമ്മദ് നബിതൻ മഹദിയുടെ
അവതാരഭൂമിക്കഭിവാദ്യം
നാളിതു നല്ലൊരു നാളാണ്
അഹ്മദ് വന്നൊരു നാളാണ്
പാവനമാമിസ്ലാമിന്റെ
പരിപൂർണ്ണ വിജയമിന്നാണ്.

✡

# പ്രാർത്ഥന മാത്രം പരിഹാരം

ധീരതയോടെ സഹിച്ചു മുന്നേറുക
ഘോരമാമാപത്തകന്നുപോകും
മുഅ്മിനിൻ നിശ്വാസവുമായിടഞ്ഞിട്ട്
ഭീമക്കൊടുങ്കാറ്റു മാറി വീശും

പ്രാർത്ഥിക്കൂ! പ്രാർത്ഥന നംറൂദിയ്യത്തിന്റെ
ഗർവ്വിൻ ശിരസ്സങ്ങ് തച്ചുടച്ചു.
നമ്രൂദിൻ നാശം സ്വയം തീയ്യിലെന്നത്
മുമ്പെനടപ്പുള്ള ദൈവനീതി

മാന്ത്രികന്മാരുടെ തന്ത്രം വിഴുങ്ങിയ
പാമ്പായ ദണ്ഡായിരുന്നു ദുആ.
പ്രാർത്ഥനയ്ക്കിന്നുമതേ ശക്തിയുണ്ടെന്ന
തോർക്കെൻ സഹോദരാ ഭീതി വേണ്ട

ശഹീദിന്റെ രക്തം വ്യർത്ഥമാവില്ലെന്ന
തജ്ഞാതമാണല്പ ബുദ്ധികൾക്ക്
സൽഫലം കായ്ക്കുന്ന വൃക്ഷത്തിനാ നിണം
നൽവളമാണെന്നറിയുക നീ

നിൻ കയ്യിലെന്തുണ്ട് ചീത്തവാക്കല്ലാതെ
എൻ തുണയ്ക്കെത്തുന്നു ദൈവഹസ്തം.
ലേഖൂ* നശിച്ചു ദുആകൊണ്ടിന്നലെ
ഇന്നുമതേ ദൈവമുണ്ട് കേൾക്കാൻ.

താമസമുണ്ടാകാം തോൽവി നമുക്കില്ല
'ഉംലി ലഹും ഇന്ന കൈദീമത്തീൻ'**
സുന്നത്തുല്ലാക്കൊരു മാറ്റം വരുകില്ല
ഖണ്ഡിതമാണിത് ഖണ്ഡിതം താൻ

സത്യത്തിൻ ശത്രു തന്നട്ടഹാസമങ്ങെ
ത്തുകയില്ല താനേറെ ദൂരം.
ലളിതമാമീ സത്യവാദമന്ത്രധ്വനി
വളരും വിലസുമുലകമാകെ.

പ്രശ്നങ്ങളേറുന്നു വ്യാധികൾ കൂടുന്നു
പ്രാർത്ഥനമാത്രമൊരേ പരിഹാരം.
കരമൊന്നുയരട്ടെ അഹ്മദിൻ ശിഷ്യരേ
മരണവുമപ്പോളകന്നുപോകും.

✡

basheer

* പണ്ഡിറ്റ് ലേഖ്റാം ** *“ഞാനവർക്ക് (തൽക്കാലം) ഇളവ് ചെയ്യുന്നു (എന്നാൽ) എന്റെ പദ്ധതി വളരെ ശക്തിമത്തായതാണ്.”* (വി.ഖു.7:184)